ഹയർ സെക്കണ്ടറി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം

നം. Acd.Spc(4)/109288/2018/HSE തീയതി : 11/10/2018

# സർക്കുലർ

വിഷയം :-ഹയർസെക്കണ്ടറി വിദ്യാഭ്യാസം - ഹൈടെക് ക്ലാസമുറികളില് ഖാൻ അക്കാദമി വിഭവങ്ങൾ ഉപയോഗിച്ചുള്ള അധ്യയനം സാധ്യമാക്കുന്ന പൈലറ്റ് പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങള് പുറപ്പെടുവിക്കുന്നു.

സൂചന:-1. സ.ഉ.(സാധാ) നം. 1968/2018/പൊ.വി.വ. തീയതി 28.05.2018.

2. കൈറ്റ് വൈസ് ചെയർമാന് & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.10.2018-ലെ KITE/2018/1529 (2)നമ്പർ കത്ത്.

ഖാൻ അക്കാദമി വിഭവങ്ങൾ ഹൈടെക് ക്ലാസ് മുറികളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 20 ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ ഗണിത പഠനത്തിനായി ഖാൻ അക്കാദമി വിഭവങ്ങൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് അധ്യയനം നടത്തുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന ഹയർസെക്കന്ററി വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു:

| ക്രമ നം. | സ്കൂൾ കോഡ് | സ്കൂൾ |
|---|---|---|
| 1. | TVM 1005 | ഗവ. എച്ച്.എസ്.എസ്. കിളിമാനൂർ, തിരുവനന്തപുരം |
| 2. | TVM 1006 | ഗവ. ഗേൾസ് എച്ച്.എസ്.എസ്. മണക്കാട്, തിരുവനന്തപുരം |
| 3. | TVM 1021 | ഗവ. ഗേൾസ് എച്ച്.എസ്.എസ്. പട്ടം, തിരുവനന്തപുരം |
| 4. | TVM 1024 | ഗവ. എച്ച്.എസ്.എസ്. വെഞ്ഞാറമൂട്, തിരുവനന്തപുരം |
| 5. | TVM 1059 | സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. തിരുവനന്തപുരം |
| 6. | PKD 9129 | ഡി.എച്ച്.എസ്. നെല്ലിപ്പുഴ, പാലക്കാട് |
| 7. | PKD 9007 | ഗവ. ജനത എച്ച്.എസ്.എസ്. നടുവട്ടം, പാലക്കാട് |
| 8. | PKD 9033 | ഗവ. എച്ച്.എസ്.എസ്. ചെർപ്പുളശ്ശേരി, പാലക്കാട് |
| 9. | PKD 9038 | പി.ടി.എം. യത്തീംഖാന എച്ച്.എസ്.എസ്. എടപ്പാലം, പാലക്കാട് |
| 10. | MLP 11062 | പി.കെ.എം.എം.എച്ച്.എസ്.എസ്. എടരിക്കോട്, മലപ്പുറം |
| 11. | MLP 11004 | ദേവദാർ ഗവ. എച്ച്.എസ്.എസ്. താനൂർ, മലപ്പുറം |
| 12. | MLP 11024 | ഗവ. എച്ച്.എസ്.എസ്. മങ്കട, മലപ്പുറം |
| 13. | MLP 11123 | ഗവ. എച്ച്.എസ്.എസ്. പട്ടിക്കാട്, മലപ്പുറം |
| 14. | MLP 11152 | ഗവ. എച്ച്.എസ്.എസ്. ഇരിമ്പിളിയം, മലപ്പുറം |
| 15. | KKD 10021 | ആർ.ഇ.സി. ഗവ. എച്ച്.എസ്.എസ്. ചാത്തമംഗലം, കോഴിക്കോട് |
| 16. | KKD 10032 | പേരാമ്പ്ര എച്ച്.എസ്.എസ്., പേരാമ്പ്ര, കോഴിക്കോട് |
| 17. | KKD 10050 | ജെ.ഡി.ടി. ഇസ്ലാം എച്ച്.എസ്.എസ്. കോഴിക്കോട് |
| 18. | KKD 10107 | ഗവ. എച്ച്.എസ്.എസ്., എൻ.ജി.ഒ. കാർട്ടേഴ്സ്, |

| | | |
|---|---|---|
| | | മാരിക്കുന്ന്, കോഴിക്കോട് |
| 19. | KKD 10138 | ജി.എച്ച്.എസ്.എസ്. കാരപ്പറമ്പ, കോഴിക്കോട് |
| 20. | KNR 13013 | എ.കെ.ജി. ജി.എച്ച്.എസ്.എസ് പിണറായി, കണ്ണൂർ |
| 21 | KNR 13012 | എ.കെ.ജി. എസ്.എം. ജി.എച്ച്.എസ്.എസ് പെർളശ്ശേരി, കണ്ണൂർ |
| 22 | KNR 13021 | ജി.എച്ച്.എസ്.എസ്., ചാല, കണ്ണൂർ |

പൈലറ്റ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഈ സ്കൂളുകളിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്:

- സ്കൂൾ ലാബിൽ കുറഞ്ഞത് 25 കമ്പ്യൂട്ടറുകളെങ്കിലും ഉണ്ടായിരിക്കണം.
- ലാബിലെ എല്ലാ കമ്പ്യൂട്ടറുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ ഉണ്ടായിരിക്കണം.
- ആഴ്ചയിൽ ഒരു പീരിയഡിലെ ഗണിത ക്ലാസ് ഖാൻ അക്കാദമി വിഭവങ്ങൾ ഉപയോഗിച്ച് ലാബിൽ നടത്താൻ സൗകര്യമുണ്ടായിരിക്കണം.
- ഖാൻ അക്കാദമി വിഭവങ്ങൾ ഉപയോഗിക്കാന് പരിശീലനം സിദ്ധിച്ച അധ്യാപകർ ഉണ്ടായിരിക്കണം.

തെരഞ്ഞെടുത്ത സ്കൂളുകളിലെ ഗണിതാധ്യാപകർക്കുള്ള ഏകദിന പരിശീലനം 15.10.2018-ന് തിരുവനന്തപുരം കൈറ്റ് ജില്ലാ ഓഫീസിൽ ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി ടി സ്കൂളിലെ ഗണിതാധ്യാപകരെ പ്രിൻസിപ്പൽമാർ റിലീവ് ചെയ്യേണ്ടതാണ്.

16.10.2018 ഉച്ചയ്ക്ക് 2.30-ന് ടി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുമായി വീഡിയോ കോൺഫറൻസ് മുഖേന ഇതു സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതാണ്. പ്രസ്തുത വീഡിയോ കോൺഫറൻസില് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ എല്ലാ പ്രിൻസിപ്പൽമാരും പങ്കെടുക്കേണ്ടതാണ്. ഇതിനുള്ള സാങ്കേതിക സഹായത്തിനായി കൈറ്റിന്റെ അതതു ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്

**ഡയറക്ടർ**

പകർപ്പ് :

- വൈസ് ചെയർമാന് & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
- സർക്കുലറിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ സ്കൂൾ പ്രിൻസിപ്പൽമാർക്കും
- എല്ലാ റീജിയണൽ ഡയറക്ടർമാർക്കും
- സ്റ്റോക്ക് ഫയൽ